GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ റീ സ നമ്പർ 131/2 A ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ച ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ കെട്ടിട നിർമ്മാണം-ക്രമവൽക്കരണം - കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി(എ) പ്രകാരം ഇളവ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1878/16/തസ്വഭവ തീയതി തിരുവനന്തപുരം 08/06/2016

---

പരാമർശം:- 1) 1. 2.2013 ലെ സ.ഉ(എം.എസ്) നമ്പർ 46/13 /തസ്വഭവ നമ്പർ ഉത്തരവ്.

2) ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 14.10.15- D1/9981/10 നമ്പർ കത്ത്.

3) ചീഫ് ടൗൺ പ്ലാനറുടെ 29.3.16 ലെ D1/11078/15 നമ്പർ കത്ത്.

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ ഹോസ്ദുർഗ് വില്ലേജിലെ റീ സർവ്വേ നമ്പർ 131/2 A ൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ച കാഞ്ഞങ്ങാട് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ മന്ദിരത്തിന്റെ നിർമ്മാണം ക്രമവൽക്കരിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2.പരാമർശ നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 54(3), 25(1), 31(2) എന്നീ ചട്ടങ്ങളുടെ ലംഘനങ്ങളുള്ളതായും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി (എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

3. പരാമർശ (1) ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി ചട്ടം 3 C (എ) പ്രകാരം പൊതു ആവശ്യത്തിനായി സർക്കാരോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപനങ്ങളോ, സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച നിർമ്മാണങ്ങൾക്ക് ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി ചട്ടം 3 C (എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ ഹോസ്ദുർഗ് വില്ലേജിലെ റീ സർവ്വേ നമ്പർ 131/2 A ൽ ഉൾപ്പെട്ട

സ്ഥലത്ത് നിർമ്മിച്ച കാഞ്ഞങ്ങാട് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ മന്ദിര നിർമ്മാണത്തിന് കെ എം ബി ആർ ചട്ടം 31(2),54(3),25(1) എന്നീ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. പരാമർശ കെട്ടിടം ക്രമവൽക്കരിച്ച നൽകുന്നതിനുള്ള നടപടി കാഞ്ഞങ്ങാട് മുൻസിപ്പൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം. മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി.

ഡയറക്ടർ ജനറൽ
ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം
സെക്രട്ടറി,കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, കാസർഗോഡ്.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ